(ബി) പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിലവിലുള്ള കെട്ടിടം നവീകരിക്കുന്നതിനും അഡീഷണലായി സ്റ്റാഫ് ക്വാർട്ടേഴ്സ്, ലൈബ്രറി, റീഡിംഗ് റൂം, വിസിറ്റേഴ്സ് റൂം, വാച്ച്മാൻ ക്യാബിൻ എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

**ആദിവാസി കോളനികളിലെ പ്രായപൂർത്തിയാകാത്തവർക്ക് ബോധവൽക്കരണം**

288 (2526) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കോളനികളിൽ പ്രായപൂർത്തിയാകാത്തവർ വിവാഹിതരാകുന്നതും കുട്ടികൾ ജനിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നുമാണ് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

(ബി) ഇത്തരം കുടുംബങ്ങൾക്ക് ശാരീരികവും മാനസികവുമായി പരിരക്ഷ, പാർപ്പിടം, ആഹാരം എന്നിവ നൽകാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) മേലിൽ ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഉണ്ടാകാതിരിക്കാൻ കൗൺസിലിംഗ് അടക്കമുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇടുക്കി ജില്ലയിലെ മാങ്കുളം പഞ്ചായത്തിലും, മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ വെറ്റിലക്കൊല്ലി കോളനി, കണ്ണൂർ ജില്ലയിലെ ആറളം ഫാമിലെ 9-ാം നമ്പർ ബ്ലോക്ക്, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ പാതിരാപ്പുള്ളി എന്നീ പ്രദേശങ്ങളിലാണ് ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) ശൈശവ വിവാഹം നടത്തിയ കുടുംബങ്ങൾക്ക് പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല എന്നിരുന്നാലും ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടയുടൻ താഴെപ്പറയുന്ന പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കുട്ടിയെ വകുപ്പ് ഇടപെട്ട് അച്ഛനമ്മമാരുടെ സംരക്ഷണത്തിലാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ കുട്ടിയെ മണിമൂളി പ്രീ-മെട്രിക് ഹോസ്റ്റലിൽ ചേർത്ത് തുടർ പഠനം നടത്തുന്നതിനും നടപടി സ്വീകരിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ ആറളം 9-ാം നമ്പർ ബ്ലോക്കിലെ കുട്ടിക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടിയെ മായിത്തറ പ്രീ-മെട്രിക് ഹോസ്റ്റലിലെ അന്തേവാസിയാക്കി ചേർത്തല ഗവൺമെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ ചേർത്ത് തുടർ പഠനം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഉണ്ടാകാതിരിക്കാൻ ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. വയനാട്, ഇടുക്കി, മലപ്പുറം, തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ പ്രത്യേകമായി വനിതാ സോഷ്യൽ വർക്കർമാരെ ഇത്തരം ബോധവത്ക്കരണം നടത്തുന്നതിന് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആദിവാസി പ്രദേശങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകാൻ നടപടി**

289 (2527) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആദിവാസി പ്രദേശങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകാൻ എന്തെങ്കിലും പുതിയ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ; എന്തൊക്കെയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്നു വിശദീകരിക്കാമോ ;

(ബി) ആദിവാസി ഗ്രാമസഭാ നിയമം (പെസ) നടപ്പാക്കുന്നതിനുള്ള നീക്കം ഏതു ഘട്ടം വരെയായി എന്നു വിശദമാക്കാമോ ;

(സി) ആദിവാസികൾക്ക് സ്വന്തം ഭൂമി പണയം വയ്ക്കാൻ കഴിയാതെ പോകുന്ന സാഹചര്യങ്ങളിൽ ഇവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേക ട്രഷണറി ബാങ്കുകൾ ആദിവാസി കേന്ദ്രങ്ങളിൽ ആരംഭിക്കാൻ നീക്കമുണ്ടോ, ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ) നിയമം 1996 സംബന്ധിച്ച് വിശദാംശങ്ങൾ പട്ടികവർഗ്ഗ സംഘടനകളുമായി ചർച്ച ചെയ്യുന്നതിനുവേണ്ടിയും, അവരുടെ നിർദ്ദേശങ്ങൾ/ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തശേഷം മാത്രം അന്തിമ തീരുമാനം കൈക്കൊള്ളുവാനും 14-10-2014-ലെ പട്ടികവർഗ്ഗ സംഘടനകളുമായുള്ള യോഗത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സർക്കാർ വിശദമായ കുറിപ്പ് തയ്യാറാക്കി എല്ലാ ആദിവാസി സംഘടനാ നേതാക്കൾക്കും വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly